എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 4, ലക്കം 12 | 2023 ഡിസംബർ 05



# സംസ്ഥാനതല ഊർജ്ജസംരക്ഷണ പെയിന്റിംഗ് മത്സരം

## രാജ്യസഭാംഗം എ. എ. റഹിം ഉദ്ഘാടനം ചെയ്തു

ദേശീയ ഊർജ്ജസംരക്ഷണ പ്രചാരണ പരിപാടി 2023–ന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.), നാഷണൽ തെർമൽ പവർ കോർപ്പറേഷൻ (എൻ.ടി.പി.സി.), ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (ബി.ഇ.ഇ.) എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി സംസ്ഥാനതല പെയിന്റിംഗ് മത്സരം സംഘടിപ്പിച്ചു. ബി.ഇ.ഇ.യുടെ നേതൃത്വത്തിൽ ദേശീയതലത്തിൽ സംഘടിപ്പിക്കുന്ന പെയിന്റിംഗ് മത്സരത്തിന് മുന്നോടിയായാണ് സംസ്ഥാനതല മത്സരം സംഘടിപ്പിച്ചത്.

രാജ്യസഭാംഗം എ. എ. റഹിം ഉദ്ഘാടനം ചെയ്യുകയും വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. കുട്ടികളുടെ സർഗ്ഗവാസനകൾക്കും അവരുടെ സ്വപ്നങ്ങൾക്കും ചിറക് നൽകുന്നവരായിരിക്കണം മാതാപിതാക്കളും രക്ഷാകർത്താക്കളും എന്ന് അദ്ദേഹം പറഞ്ഞു. ഊർജ്ജസംരക്ഷണത്തിൽ കുട്ടികളുടെ പങ്ക് വളരെ വലുതാണെന്നും അദ്ദേഹം പറഞ്ഞു. സ്കൂൾ തലത്തിൽ വിജയികളായവരാണ് മത്സരത്തിൽ പങ്കെടുത്തത്.

ഊർജ്ജസംരക്ഷണത്തിൽ കുട്ടികൾക്ക് പ്രചോദനം നൽകുകയും അവരുടെ സർഗ്ഗശക്തി ഉപയോഗപ്പെടുത്തുവാൻ അവസരം നൽകുകയുമാണ് ഈ മത്സരത്തിന്റെ ഉദ്ദേശ്യം. 5,6,7 ക്ലാസ്സിലെ കുട്ടികൾ 'ഗ്രൂപ്പ് എ' ആയും, 8,9,10 ക്ലാസ്സിലെ കുട്ടികൾ 'ഗ്രൂപ്പ് ബി' ആയുമാണ് മത്സരങ്ങളിൽ പങ്കെടുത്തത്. "ലൈഫ് സ്റ്റൈൽ ഫോർ എൻവയോൺമെന്റ്", "വൺ പ്ലാനറ്റ് മെനി എഫർട്ട്" എന്നിവയായിരുന്നു ചിത്രരചനയ്ക്കുള്ള വിഷയങ്ങൾ.

ഗ്രൂപ്പ് എ–യിൽ കണ്ണൂർ കാടാച്ചിറ ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീഹരി പി. ആർ. ഒന്നാം സ്ഥാനവും, കടമ്പൂർ ഹയർ സെക്കൻഡറി സ്കൂളിലെ അഥർവ്വ് ശ്രീജിത് രണ്ടാം സ്ഥാനവും, എറണാകുളം കേന്ദ്രീയവിദ്യാലയത്തിലെ അമൻജിത് എം. എസ്. മൂന്നാം സ്ഥാനവും നേടി.

ഗ്രൂപ്പ് ബി–യിൽ തിരുവനന്തപുരം അമൃത വിദ്യാലയത്തിലെ വർഷ എസ്. ഒന്നാം സ്ഥാനവും, സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിലെ സാധിക പി. എം. രണ്ടാം സ്ഥാനവും, ഹരിപ്പാട് ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ മാനസ മീര എം. മൂന്നാം സ്ഥാനവും നേടി.

സമ്മാനദാനച്ചടങ്ങിൽ ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ, രജിസ്ട്രാർ സുഭാഷ് ബാബു ബി. വി, എൻ.ടി.പി.സി. അസിസ്റ്റന്റ് ജനറൽ മാനേജർ എം. ബാലസുന്ദരം എന്നിവർ സംസാരിച്ചു.



പെയിന്റിംഗ് മത്സരവിജയികൾക്ക് രാജ്യസഭാംഗം എ. എ. റഹിം സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്യുന്നു



വിദ്യാർത്ഥികൾ പെയിന്റിംഗ് മത്സരത്തിലേർപ്പെടുന്നു



# കേരളീയം കാഴ്ചകളാസ്വദിച്ച് തിരുവനന്തപുരത്തെ വിദ്യാർത്ഥികൾ

## ഇ.എം.സി. ഉണർവ് സന്ദർശന പരിപാടി

കേരളത്തിന്റെ വൈവിധ്യങ്ങൾ സമ്മേളിച്ച 'കേരളീയം' കാണാൻ വിദ്യാലയങ്ങൾക്ക് വഴിയൊരുക്കി എനർജി മാനേജ്മെന്റ് സെന്റർ. ഇ.എം.സി. വിഭാവനം ചെയ്ത 'ഉണർവ് യജ്ഞം' വഴി രജിസ്റ്റർ ചെയ്ത തിരുവനന്തപുരം ജില്ലയിലെ ഗ്രാമീണപ്രദേശങ്ങളിലെ, വിദ്യാലയങ്ങൾക്കാണ് ഈ അവസരം ലഭിച്ചത്. കേരളീയം പോലൊരു മഹോത്സവം നടക്കുമ്പോൾ അതിൽ സാധാരണക്കാരായ കുട്ടികൾ പഠിക്കുന്ന ഗ്രാമീണ സ്കൂളുകൾക്ക് കൂടി അവസരമൊരുക്കുകയായിരുന്നു ഇ.എം.സി.യുടെ ലക്ഷ്യം. നവംബർ 1 മുതൽ 7 വരെ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം നഗരത്തിൽ നടന്ന കേരളീയം മഹോത്സവത്തിൽ 122 സ്കൂളുകളിൽ നിന്നായി 6788 വിദ്യാർത്ഥികളും അധ്യാപകരുമാണ് പങ്കെടുത്തത്.

കേരളീയം കാണാനെത്തുന്ന വിദ്യാർത്ഥികളുടെ യാത്രയുടെയും ഭക്ഷണത്തിന്റെയും ചിലവ് വഹിച്ചത് ഇ.എം.സി.യാണ്. കൂടാതെ, വെയിലിൽ നിന്ന് ആശ്വാസമേകാൻ ഇ.എം.സി.യുടെ ലോഗോ പതിപ്പിച്ച തൂവെള്ള തൊപ്പിയും നൽകി. കനകക്കുന്നിലുള്ള നിശാഗന്ധി ഓഡിറ്റോറിയത്തിന് മുന്നിൽ ഉണർവ്വ് പവലിയനും സമീപത്തായി ഫോട്ടോഷൂട്ടിനായി സെൽഫി പോയിന്റും തയ്യാറാക്കിയിരുന്നു. കുട്ടികളുടെ കേരളീയം കാഴ്ചകൾ സുഗമമാക്കുന്നതിനായി ഇ.എം.സി.യുടെ സേവന സന്നദ്ധരായ വോളണ്ടിയർമാർ തയ്യാറായിരുന്നു. കേരളീയം കാഴ്ചകൾക്ക് പുറമേ തിരുവനന്തപുരം നഗരത്തിൽ സ്ഥിതി ചെയ്യുന്ന മൃഗശാല, മ്യൂസിയം എന്നിവ കാണുന്നതിന് ഇ.എം.സി. വഴി സൗജന്യ പ്രവേശനവും ഒരുക്കി. ഇ.എം.സി. ഉണർവ്വ് ക്യാമ്പയിൻ വഴി ആയിരത്തിലധികം വിദ്യാർത്ഥികളാണ് ഓരോ ദിവസവും കേരളീയം കാണാൻ എത്തിയത്.

വിദ്യാർത്ഥികളെക്കൊണ്ട് നിറഞ്ഞുകവിഞ്ഞ നിശാഗന്ധിയിലെ ഓപ്പൺ ഓഡിറ്റോറിയത്തിൽ വെച്ച് വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി "കേരളീയം ഉണർവ്വ് യജ്ഞം" നവംബർ 2 ന് ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി മുഖ്യാതിഥിയായ ചടങ്ങിൽ കഴക്കൂട്ടം എം.എൽ.എ. കടകംപള്ളി സുരേന്ദ്രൻ ഉണർവ്വ് യജ്ഞ സന്ദേശം നൽകി. ചടങ്ങിൽ വാമനപുരം എം.എൽ.എ. ഡി. കെ. മുരളി അധ്യക്ഷനായിരുന്നു. ഇ.എം.സി. ജോയിന്റ് ഡയറക്ടർ ദിനേശ് കുമാർ സ്വാഗതവും ഇ.എം.സി. രജിസ്ട്രാർ സുഭാഷ് ബാബു ബി. വി. കൃതജ്ഞതയും പ്രകാശിപ്പിച്ചു. ഇ.എം.സി.യിലെ ഊർജ്ജകാര്യക്ഷമതാ വിഭാഗം തലവൻ ജോൺസൺ ഡാനിയൽ എനർജി ടെക്നോളജിസ്റ്റുമാരായ സന്ദീപ് കെ., അനൂപ് സുരേന്ദ്രൻ, ഇ.എം.സി. റിസോഴ്സ് പേഴ്സൺ എം. കെ. മെഹബൂബ് തുടങ്ങിയവർ പങ്കെടുത്തു.



വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി
പരിപാടി ഉദ്ഘാടനം ചെയ്യുന്നു



പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി
അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുന്നു



കാട്ടാക്കട എം.എൽ.എ. ഐ. ബി. സതീഷ്
ഉണർവ് യാത്ര ഫ്ലാഗ് ഓഫ് ചെയ്യുന്നു



കനകക്കുന്നിൽ തയ്യാറാക്കിയ ഇ.എം.സി. സെൽഫി പോയിന്റിൽ
വിദ്യാർത്ഥികൾ ഫോട്ടോക്ക് പോസ് ചെയ്യുന്നു

# സാംസ്കാരികത്തനിമ വിളിച്ചോതി 'മാരിവില്ല്'

## കേരളീയത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സാംസ്കാരിക പരിപാടി

കേരളീയം മഹോത്സവത്തിന്റെ ഭാഗമായി ഇ.എം.സി.യിൽ നവംബർ 1 മുതൽ 7 വരെ 'മാരിവില്ല്' എന്ന പേരിൽ സംഘടിപ്പിച്ച സാംസ്കാരിക പരിപാടി നവംബർ 1 ന് കഴക്കൂട്ടം എം.എൽ.എ. കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഇ.എം.സി. ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന സാംസ്കാരിക പരിപാടികളിൽ റസിഡൻസ് അസോസിയേഷനുകളുടെ സംഘടനയായ ഫ്രാസ് അംഗങ്ങളും നാട്ടുകാരും പങ്കെടുത്തു.

ലോകത്തിനു മുമ്പിൽ പല കേരള മോഡലുകളും അവതരിപ്പിക്കുവാൻ സാധിച്ച, കേരളത്തിന്റെ ഭാവി പരിപാടികൾ കൂടി ചർച്ച ചെയ്യുന്നതാണ് കേരളീയം 2023 എന്ന് ഉദ്ഘാടനം ചെയ്തുകൊണ്ട് എം.എൽ.എ. കടകംപള്ളി സുരേന്ദ്രൻ അഭിപ്രായപ്പെട്ടു. ചടങ്ങിൽ ഡോ. സി. ജയരാമൻ രചിച്ച 'ഊർജ്ജായനം' എന്ന പുസ്തകവും ബീന. ടി. എ. രചിച്ച 'അമ്മ മലയാളം' എന്ന കവിതയുടെ ഗാനാവിഷ്കാരവും പ്രകാശനം ചെയ്തു. ഇ.എം.സി ഭരണഭാഷാ പ്രോത്സാഹനസമിതിയുടെ നേതൃത്തിൽ ഫ്രാസ് ശ്രീകാര്യം, പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ എന്നിവയുമായി സഹകരിച്ചാണ് മാരിവില്ല് പരിപാടി സംഘടിപ്പിച്ചത്. ഫൗണ്ടേഷനെ പ്രതിനിധീകരിച്ച് അനന്തപുരം രവി, ഫ്രാസിനെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ബാബു വട്ടപ്പറമ്പിൽ എന്നിവർ ചടങ്ങിൽ സംസാരിച്ചു. ഇ.എം.സി ഡയറക്ടർ (ഇൻചാർജ്) ദിനേഷ്കുമാർ എ. എൻ. അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഇ.എം.സി പബ്ലിക് റിലേഷൻസ് ഓഫീസർ ബീന ടി. എ. സ്വാഗതവും ഊർജ്ജകാര്യക്ഷമതാ വിഭാഗം മേധാവി ജോൺസൺ ഡാനിയൽ നന്ദിയും പറഞ്ഞു.

ആദ്യ ദിവസം ഉദ്ഘാടന ചടങ്ങിന് ശേഷം 'ചരിത്രരചനയും നാട്ടുമൊഴി വഴക്കങ്ങളും' എന്ന വിഷയത്തിൽ നിലമേൽ എൻ. എസ്.എസ്. കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. ദീപു പി. കുറുപ്പ് പ്രഭാഷണം നടത്തി. വസന്തൻ കെ.വി. യുടെ നേതൃത്വത്തിൽ തൃശ്ശൂരിലെ കളംപാട്ട് കൂട്ടം നാടൻപാട്ടുകൾ അവതരിപ്പിച്ചു.

ഏഴ് ദിവസങ്ങളിലായി വൈവിധ്യമാർന്ന പരിപാടികളാണ് ഇ.എം.സി. ഓഡിറ്റോറിയത്തിൽ അരങ്ങേറിയത്. അതിന്റെ ഭാഗമായി തനതു നാടകവേദിയെ കുറിച്ച് ഡോ. രാജാവാര്യരും, മലയാള ചലച്ചിത്രഗാനങ്ങൾ അന്നും ഇന്നും എന്ന വിഷയത്തിൽ ടി. പി. ശാസ്തമംഗലവും, നല്ല മലയാളത്തെപ്പറ്റി ഡോ. വിളക്കുടി രാജേന്ദ്രനും പ്രഭാഷണങ്ങൾ നടത്തി. ഡോ. അച്യുത് ശങ്കർ എസ്. നായർ കേരള സംഗീത സല്ലാപവും, താമരക്കുടി ഹരികുമാറും സംഘവും കാക്കാരിശ്ശി നാടകവും, പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ കുട്ടികളുടെ നാടകവും, പാനിച്ചൽ ജയകുമാറും സംഘവും തോറ്റംപാട്ടും, അഗസ്ത്യ കളരിസംഘം കളരിപയറ്റും അവതരിപ്പിച്ചു. കൂടാതെ, ഫ്രാസ് അംഗങ്ങളുടെ വിവിധ കലാപരിപാടികളും അവതരിപ്പിച്ചു.

നവംബർ 7 ന് നടന്ന സമാപന ചടങ്ങ് പ്രശസ്ത സാഹിത്യകാരൻ ഡോ. എഴുമറ്റൂർ രാജരാജവർമ്മ ഉദ്ഘാടനം ചെയ്തു. പരിപാടിയുടെ ഭാഗമായി എല്ലാ ദിവസവും ഇലക്ട്രിക് വാഹനങ്ങൾ, ഊർജ്ജകാര്യക്ഷമതയുള്ള ഉപകരണങ്ങൾ എന്നിവയുടെ പ്രദർശനവും ഒരുക്കിയിരുന്നു.



കഴക്കൂട്ടം എം.എൽ.എ. കടകംപള്ളി സുരേന്ദ്രൻ മാരിവില്ല് ഉദ്ഘാടനം ചെയ്യുന്നു



താമരക്കുടി ഹരികുമാറും സംഘവും അവതരിപ്പിച്ച കാക്കാരിശ്ശി നാടകം

# ഇൻവെസ്റ്റ്മെന്റ് ഗ്രേഡ് എനർജി ഓഡിറ്റ് റിപ്പോർട്ടുകളുടെ അവതരണം സംഘടിപ്പിച്ചു

ചെറുകിട വ്യവസായ സംരംഭക (എം. എസ്.എം.ഇ.) മേഖലകളിലെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി, ഷൊർണ്ണൂരിൽ സ്ഥിതി ചെയ്യുന്ന എം.എസ്.എം.ഇ. കാർഷിക ഉപകരണ നിർമാണ യൂണിറ്റുകളിൽ ഇ.എം.സി. ഇൻവെസ്റ്റ്മെന്റ് ഗ്രേഡ് എനർജി ഓഡിറ്റുകൾ നടത്തി. ഇൻവെസ്റ്റ്മെന്റ് ഗ്രേഡ് എനർജി ഓഡിറ്റ് റിപ്പോർട്ടുകൾ സംബന്ധിച്ച അവതരണവും തുടർന്നുള്ള ചർച്ചകളും 2023 നവംബർ 16–ന് ഷൊർണ്ണൂരിലെ ദിഗാസബോ ഹെറിറ്റേജിൽ നടന്നു. ഊർജ്ജകാര്യക്ഷമതാ വിഭാഗം മേധാവി ജോൺസൺ ഡാനിയേൽ അധ്യക്ഷത വഹിച്ച പരിപാടി ഒറ്റപ്പാലം താലൂക്ക് വ്യവസായ ഓഫീസിലെ അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ ബൈജു കെ. ഉദ്ഘാടനം ചെയ്തു. ഷൊർണ്ണൂർ അഗ്രികൾച്ചർ ഇംപ്ലിമെന്റ് കൺസോർഷ്യം പ്രൈവറ്റ് ലിമിറ്റഡ് ചെയർമാൻ പി. പുരുഷോത്തമൻ സ്വാഗതവും മാനേജിങ് ഡയറക്ടർ സി.പി. ജയൻ നന്ദിയും പറഞ്ഞു.




ഉദ്ഘാടന ചടങ്ങിൽ ഊർജ്ജകാര്യക്ഷമതാ വിഭാഗം മേധാവി ജോൺസൽ ഡാനിയൽ സംസാരിക്കുന്നു

ബി.ഇ.ഇ. അംഗീകൃത എനർജി ഓഡിറ്റർ സുരേഷ് ബാബു ബി. വി. എനർജി ഓഡിറ്റ് റിപ്പോർട്ടുകളുടെ അവതരണത്തിന് നേതൃത്വം നൽകി. വിവിധ എം.എസ്. എം.ഇ. കാർഷിക ഉപകരണ യൂണിറ്റുകളിൽ നിന്നും മറ്റ് എം.എസ്. എം.ഇ. യൂണിറ്റുകളിൽ നിന്നുമുള്ള പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

# ’കാലാവസ്ഥ അതിജീവനശേഷിയും ഊർജ്ജകാര്യക്ഷമതയും കാർഷിക മേഖലയിൽ

## വയനാട്, കോഴിക്കോട് ജില്ലകളിലെ ശില്പശാലകൾ പൂർത്തിയായി

കാർഷിക വികസന കർഷക ക്ഷേമ വകുപ്പും, എനർജി മാനേജ്മെന്റ് സെന്ററും ചേർന്ന് അസർ, എക്വിനോക്ട് എന്നീ സംഘടനകളുടെ സഹകരണത്തോടെ 'കാലാവസ്ഥ അതിജീവനശേഷിയും ഊർജ്ജകാര്യക്ഷമതയും കാർഷിക മേഖലയിൽ' എന്ന വിഷയത്തിൽ വയനാട് ജില്ലയിൽ നവംബർ 15 ന് ഏകദിന ശില്പശാല സംഘടിപ്പിച്ചു.

കേരളത്തിലെ കാർഷികമേഖലയിൽ കാലാവസ്ഥ അതിജീവനശേഷിയും ഊർജ്ജകാര്യക്ഷമതയും വിപുലമാക്കുന്നതിനും അക്ഷയ ഊർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വിവിധ സർക്കാർ പദ്ധതികളെക്കുറിച്ചുള്ള അവതരണങ്ങളും ചർച്ചകളും ശില്പശാലകളിൽ ഉൾപ്പെടുത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് വിജയകരമായി നടപ്പിലാക്കിയ മാതൃകകളെക്കുറിച്ചുള്ള പഠന റിപ്പോർട്ടുകളും അവതരിപ്പിക്കപ്പെട്ടു.



കോഴിക്കോട് സംഘടിപ്പിച്ച ശില്പശാലയിൽ ഇ.എം.സി. ഊർജ്ജകാര്യക്ഷമതാ വിഭാഗം മേധാവി ജോൺസൺ ഡാനിയൽ സംസാരിക്കുന്നു

വയനാട് സിവിൽ സ്റ്റേഷൻ കോംപ്ലക്സിൽ നടന്ന ശില്പശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ ഉത്ഘാടനം ചെയ്തു. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ അജിത് കുമാർ സി. എസ്. അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇ.എം.സിയിലെ ഊർജകാര്യക്ഷമതാ വിഭാഗം തലവൻ ജോൺസൺ ഡാനിയൽ സ്വാഗതം ആശംസിച്ചു. അസറിനെ പ്രതിനിധീകരിച്ച് രാജേഷ് കൃഷ്ണൻ ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു.

കോഴിക്കോട് ജില്ലയിൽ നവംബർ 21 നാണ് ഏകദിന ശില്പശാല സംഘടിപ്പിച്ചത്. നളന്ദ ഹോട്ടലിൽ നടന്ന ശില്പശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി ഉദ്ഘാടനം ചെയ്തു. കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഷാജി റ്റി. ആർ. അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇ.എം.സിയിലെ ഊർജ്ജകാര്യക്ഷമതാ വിഭാഗം തലവൻ ജോൺസൺ ഡാനിയൽ സ്വാഗതം ആശംസിച്ചു. എക്വിനോക്ടിനെ പ്രതിനിധീകരിച്ച് മധുസൂധനൻ ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു.

# ഉണർവ് സന്ദർശന പരിപാടി പുരോഗമിക്കുന്നു

വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി ഇ.എം.സി. സംഘടിപ്പിക്കുന്ന ഊർജ്ജ സംരക്ഷണ അവബോധ പരിപാടിയായ ‘ഉണർവ്’ പുരോഗമിക്കുന്നു. നവംബർ മാസം 11 സ്കൂളുകളിൽ നിന്നായി 775 വിദ്യാർത്ഥികളും അദ്ധ്യാപകരുമാണ് പരിപാടിയിൽ പങ്കെടുത്തത്. ഊർജസംരക്ഷണ അവബോധ ക്ലാസുകളും ഹ്രസ്വ ചലച്ചിത്ര പ്രദർശനവും ക്യാമ്പസ് സന്ദർശന പരിപാടിയും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു. ഇ.എം.സി.യിലെ എനർജി കാലിബ്രേഷൻ ലാബ്, വിവിധ ഊർജപ്ലാന്റുകളുടെ മാതൃകകൾ സജ്ജീകരിച്ച ലാബ്, സോളാർ പവർ ജനറേഷൻ സംവിധാനം തുടങ്ങിയ ഊർജവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിദ്യാർത്ഥികൾക്ക് നേരിട്ടറിയാൻ അവസരമൊരുക്കി. ഇ.എം.സി. രജിസ്ട്രാർ സുഭാഷ് ബാബു ബി. വി., ഊർജകാര്യക്ഷമത വിഭാഗം മേധാവി ജോൺസൺ ഡാനിയൽ, എനർജി ടെക്നോളജിസ്റ്റുമാരായ സന്ദീപ് കെ., ശരത് കൃഷ്ണൻ, രാജീവ് കെ. ആർ., അനൂപ് സുരേന്ദ്രൻ, റ്റോംസൺ സെബാസ്റ്റ്യൻ തുടങ്ങിയവർ ഊർജാവബോധ ക്ലാസുകൾക്ക് നേതൃത്വം നൽകി. ലൈബ്രറി & ഇൻഫർമേഷൻ ഓഫീസർ സിന്ധു എസ്. കുമാർ പരിപാടികളിൽ നന്ദി പ്രകാശിപ്പിച്ചു.



ഗവൺമെന്റ് HSS ആനാവൂർ സ്കൂളിലെ വിദ്യാർത്ഥികൾ ഉണർവ് ബോർഡ് ഏറ്റുവാങ്ങുന്നു



വിക്ടറി വി.എച്ച്.എസ്.എസ്. ഓലത്താന്നി സ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും ഇ.എം.സി. ഉദ്യോഗസ്ഥരോടൊപ്പം

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256